<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2462** **14/06/2019-ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇതുവരെ ഏതൊക്കെ സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ച് നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.<br><br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാന പ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ |
| (ബി) | ഇതിനെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം നൽകാമോ; പ്രസ്തുത പദ്ധതിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.<br><br>തിരുവനന്തപുരം ജില്ലയിൽ 4 സഹകരണ സംഘങ്ങളുടെ സഹായത്തോടെ 4 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുകയുണ്ടായി. കൊല്ലം ജില്ലയിൽ 11 സർവ്വീസ് സഹകരണ സംഘങ്ങൾ 11 സ്കൂളുകളിലായി സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധരായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 5 സർവ്വീസ് സഹകരണ സംഘങ്ങൾ 5 സ്കൂളുകളിലായി പദ്ധതി നടപ്പിലാക്കുകയുണ്ടായി. മറ്റ് ജില്ലകളിലെല്ലാം തന്നെ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിദ്യാഭ്യാസ വകുപ്പാണ് ടി പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്നതിനാൽ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ നൽകുന്ന ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനായി സഹകരണ വകുപ്പ് വഴി തുകകൾ ഒന്നും തന്നെ അനുവദിച്ച് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**